**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2755** **14-09-2023 - ൽ മറുപടിയ്ക്ക്**

**പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിന് ആവശ്യമായ ലൈസൻസുകൾക്കും മറ്റ് അനുമതികൾക്കും കാലാതാമസം നേരിടുന്നതുമൂലം സംരംഭകർക്ക് സാമ്പത്തിക ബാദ്ധ്യത ഉണ്ടാവുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ കാലാതാമസം ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ? | (എ) | സംസ്ഥാനത്ത് പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിന് ആവശ്യമായ ലൈസൻസുകളും മറ്റ് അനുമതികളും ലഭിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനുള്ള വിവിധ നടപടികൾ സർക്കാർ സ്വീകരിച്ച് വരുന്നുണ്ട്. സർക്കാർ പദ്ധതികൾ വഴിയുള്ള സാമ്പത്തിക സഹായങ്ങൾ നൽകുന്നതിനുപരി സംരംഭകർക്ക് ആവശ്യമായ വിവിധ സേവനങ്ങളും, ഉപദേശങ്ങളും നൽകുന്ന ഒരു ഫെസിലിറ്റേറ്റർ എന്ന നിലയിൽ വ്യവസായ വകുപ്പിന്റെ പ്രവർത്തനം മാറിക്കൊണ്ടിരിക്കുന്നു. സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകിയും, വ്യവസായം തുടങ്ങാൻ ആവശ്യമായ അനുമതികൾ സമയബന്ധിതമായി നൽകുകയും വഴി കേരളത്തെ മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റി കൊണ്ടിരിക്കുന്നു.<br><br>കേരളത്തിൽ ബിസിനസ്സ് നടത്തുന്നത് സുഗമമാക്കുക എന്ന ഉദ്ദേശത്തോടുകൂടി വ്യവസായ സംരംഭകർക്ക് ലൈസൻസുകളും, ക്ലിയറൻസുകളും ലഭ്യമാക്കുന്നതിന് സഹായകരമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് 2018-ലെ "കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് 2017 ഒക്ടോബർ 20-ാം തീയതി പ്രാബല്യത്തിൽ നിയമമായിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ഒരു സംരംഭത്തിനാവശ്യമായ എല്ലാ ലൈസൻസുകളും ക്ളിയറൻസുകളും ഓൺലൈൻ ഏകജാലക സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിന് K-SWIFT സോഫ്റ്റ്‌വെയർ നിലവിലുണ്ട്.<br><br>2019 - ലെ കേരള സൂക്ഷ്മ/ചെറുകിട/ ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ഈ നിയമപ്രകാരം പുതിയതായി ആരംഭിക്കുന്നതും മലിനീകരണ |

നിയന്ത്രണ ബോർഡിന്റെ ചുവപ്പ് വിഭാഗത്തിൽ പെടാത്തതുമായ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളെ സംസ്ഥാന നിയമപ്രകാരമുള്ള അനുമതികളിൽ നിന്നും മൂന്ന് വർഷത്തേക്ക് ഒഴിവാക്കിയിട്ടുണ്ട്. നിക്ഷേപം സംബന്ധിച്ച് സംരഭകൻ സമർപ്പിക്കുന്ന സ്വയം സാക്ഷ്യപത്രം ഓൺ ലൈൻ (കെ-സ്വിഫ്റ്റ്) മുഖാന്തിരം സ്വീകരിച്ച് ഭൗതിക പരിശോധന ഇല്ലാതെ ഉടൻ തന്നെ ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡ് കൈപ്പറ്റ് സാക്ഷ്യപത്രം നൽകുന്നു. ഇപ്രകാരം ലഭിക്കുന്ന കൈപ്പറ്റ് സാക്ഷ്യപത്രത്തിന് മൂന്ന് വർഷം കാലാവധിയുണ്ട്. മൂന്ന് വർഷത്തിന് ശേഷം 6 മാസത്തിനകം അനുമതികൾ സംരംഭകൻ കരസ്ഥമാക്കിയാൽ മതിയാകുന്നതാണ്.

സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളുടെ പ്രശ്ന പരിഹാരത്തിനായി കെ.എസ്.ഐ.ഡി.സി-യുടെ നേതൃത്വത്തിൽ ഒരു കാൾ സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

വിവിധ വകുപ്പുകളുടെ സേവനങ്ങൾ ഓൺലൈൻ ആക്കുന്നതിനും അവയെ കെ-സ്വിഫ്റ്റ് ഏകജാലക സംവിധാനവുമായി ഏകോപിപ്പി ക്കുന്നതിനും ഉള്ള നടപടികൾ ത്വരിത ഗതിയിൽ സ്വീകരിച്ചു വരുന്നു. ജില്ലാ സംസ്ഥാന തലങ്ങളിൽ ഏകജാലക ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

കൂടാതെ വിവിധ വകുപ്പുകളുടെ പരിശോധനകൾ ഏകീകരിക്കുന്നതിനായി K-CIS (Kerala Cenralized Inspection System) സംവിധാനം നിലവിൽ വന്നിട്ടുണ്ട്.

ഇത് കൂടാതെ താലൂക്ക് വ്യവസായ ഓഫീസുകൾ ഫെസിലിറ്റേഷൻ സെന്ററുകൾ ആക്കിമാറ്റുന്നതിന്റെ ഭാഗമായി താലൂക്ക് വ്യവസായ ഓഫീസുകളിൽ റിസോഴ്സ്പേഴ്സണെ നിയമിച്ചു പ്രവർത്തനം നടന്നു വരുന്നു. വ്യവസായ വകുപ്പിനു കീഴിൽ ഉള്ള**59** താലൂക്ക് വ്യവസായകേന്ദ്രങ്ങളെയും എന്റർപ്രൈസ് ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റുകയും**,** അവിടെയെല്ലാം താലൂക്ക് റിസോഴ്സ്പേഴ്സൺമാരെ നിയമിക്കുകയും ചെയ്തു. സംരംഭകർക്കുള്ള വിവിധ ഓൺലൈൻ സേവനങ്ങളും മറ്റു കൈത്താങ്ങ് സഹായങ്ങളും നൽകുന്നതിനായി എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ജില്ലാ റിസോഴ്സ്പേഴ്സൺമാരെ നിയമിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | സംരംഭകർക്ക് വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനായി നിലവിൽ വന്നിട്ടുള്ള സ്റ്റാറ്റ്യൂട്ടറി സംവിധാനമാണ് പരാതി പരിഹാര സംവിധാനം (Grievance Redressal System). 10 കോടിരൂപ വരെ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികൾ ജില്ലാ പരാതി പരിഹാര കമ്മിറ്റിക്കും 10 കോടിയിൽ കൂടുതൽ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികളും ജില്ലാ കമ്മിറ്റിയുടെ തീരുമാനത്തിനുമേലുള്ള അപ്പീലും സംസ്ഥാന പരാതി പരിഹാര കമ്മിറ്റിക്കുമാണ് നൽകേണ്ടത്. ജില്ലാ പരാതി പരിഹാര കമ്മറ്റിക്കും സംസ്ഥാന പരാതി പരിഹാര കമ്മറ്റിക്കും, ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം നിശ്ചയിച്ചിട്ടുള്ള സംഗതികളെ സംബന്ധിച്ച് 1908-ലെ സിവിൽ നടപടി നിയമസംഹിത പ്രകാരം ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ ഒരു സിവിൽ കോടതിയിൽ നിക്ഷിപ്തമായിട്ടുള്ള അതേ അധികാരങ്ങൾ ഉണ്ട്. ഈ സംവിധാനം കാര്യക്ഷമമായും സമയബന്ധിതമായും പ്രവർത്തിപ്പിക്കുന്നതിനായി ഒരു ഓൺലൈൻ പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ